No.PC & S/1-2/25/2024 08.05.2024

**കേരള കാർഷിക സർവകലാശാല**
**അഗ്രിക്കൾച്ചർ കോളേജ് വെള്ളാനിക്കര**

**ദീർഘാസ്/ പുനർ ലേലം നോട്ടീസ്**

കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര കാർഷിക കോളേജിൽ നിന്നും പരസ്യപ്പെടുത്തുന്നത്.

ഈ കോളേജിനോടനുബന്ധിച്ച പ്ലാൻറെഷന് ക്രോപ്പ് ആൻറ് സ്പൈസസ് ഫാമിലെ 702 തെങ്ങുകളിൽനിന്നും 20.05.2024 മുതല് 20.05.2025 വരെയുള്ള ഒരു വർഷത്തെ കാലയളവിൽ മൂപ്പെത്തിയ നാളികേരം/കരിക്ക് ഇട്ടെടുക്കുന്നതിനു താത്പര്യമുള്ള വ്യക്തികളിൽ നിന്നും ഇതിനോടൊപ്പം ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം ദീർഘാസ്/ലേലം ക്ഷണിക്കുന്നു.

1. ദീർഘാസ് ഫോറം 400 രൂപ വിലയ്ക്ക് 17.05.2024 ന് രാവിലെ 11.00 മണി വരെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ദീർഘാസുകൾ 17.05.2024 ന് രാവിലെ 11.15 മണിക്ക് മുൻപായി **പ്രൊഫസർ & ഹെഡ് , പ്ലാൻന്റേഷൻ, സ്പൈസസ്, മെഡിസിനൽ & ആരോമാറ്റിക് ക്രോപ്സ്** അഗ്രിക്കൾച്ചർ കോളേജ്, വെള്ളാനിക്കര എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ദീർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി **20,000 രൂപ** (ഇരുപതിനായിരം രൂപ മാത്രം) കെട്ടിവെക്കേണ്ടതാണ്. ദീർഘാസ് സമർപ്പിചിട്ടുള്ളവർക്ക് താത്പര്യമുണ്ടെങ്കിൽ പൊതു ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
2. ദീർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ കാർഡ്, മേൽവിലാസം സഹിതം മുൻകൂട്ടി ഹാജരാക്കണം.
3. **17.05.2024** ന് രാവിലെ **11.30** മണിയ്ക്ക് അപ്പോൾ സന്നിഹിതരായിക്കുന്നവരുടെ സാന്നിന്ധ്യത്തിൽ പരസ്യ ലേലം നടത്തുന്നതും തുടർന്ന് ദീർഘാസുകൾ തുറക്കുന്നതുമാണ്. കൂടുതൽ തുക നിർദ്ദേശിച്ചിട്ടുള്ള ദീർഘാസ് /ലേലക്കാരൻറെ പേരിൽ ഫാം മേധാവിയുടെ യുക്താനുസരണം ദീർഘാസ്/ലേലം ഉറപ്പിക്കുന്നതാണ്.
4. ദീർഘാസ്/ലേലം ഉറപ്പിച്ച കിട്ടുന്നവർ തുകയുടെ രണ്ടിൽ ഒരു ഭാഗം അപ്പോൾ തന്നെ അടയ്ക്കേണ്ടതാണ്. ബാക്കി തുക ദീർഘാസ്/ലേലം ഉറപ്പിച്ച തിയതി മുതൽ നാൽപത്തിയഞ്ച്യ (45) ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ദീർഘാസ്/ലേലം റദ്ദ് ചെയ്യുന്നതും പുനർ ദീർഘാസ്/ലേലത്തിൽ ഉണ്ടാകുന്ന നഷ്ടം ആദ്യ ദീർഘാസ്/ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.
5. ദീർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർക്ക് ഫാമിലെ നാളികേര തോട്ടങ്ങൾ 17.05.2024 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മുതല് വൈകിട്ട് 4 മണി വരെ ഫാം മേനേജരുടെ മുൻകൂർ അനുമതിയോടുകൂടി സന്ദർശിക്കാവുന്നതാണ്.

6. ചുവപ്പ് പെയ്ൻറ് കൊണ്ട് അടയാളപ്പെടുത്തിയ മാതൃ വൃക്ഷ തെങ്ങുകൾ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.അവയിൽ നിന്നും വിളവ് എടുക്കാൻ പാടുള്ളതല്ല.
7. വിളവെടുക്കുന്ന ദിവസം മുൻകൂട്ടി അറിയിക്കേണ്ടതും വിളവെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥൻറെ സാന്നിദ്ധ്യത്തിൽ നടത്തേണ്ടതുമാണ്. ഓരോ ദിവസവും തെങ്ങിൽ നിന്നു ലഭിക്കുന്ന നാളികേരത്തിൻറെ എണ്ണം ഓഫീസിൽ ബോധ്യപ്പെടുത്തിയതിനു ശേഷം മാത്രം വെളിയിൽ കൊണ്ടു പോകാവുന്നതാണ്.
8. യാതൊരു കാരണവശാലും 2025 ഫെബ്രുവരി 28 നു ശേഷം ഏഴു മാസത്തിൽ കുറഞ്ഞ മൂപ്പുള്ള നാളികേരം ഇട്ടെടുക്കാൻ പാടുള്ളതല്ല. മറിച്ചു ചെയ്യുന്ന പക്ഷം ദീർഘാസ്/ലേലം റദ്ദു ചെയ്യുന്നതും, തുക യൂണിവേഴ്സിറ്റിയിൽ മുതൽ കൂട്ടുന്നതായിരിക്കും.
9. തിരഞ്ഞെടുത്ത തെങ്ങുകളില് നിന്നും പ്രതിവർഷം ഉദ്ദേശം 200 നാളികേരം/കരിക്കും പഠനാവശ്യത്തിനുള്ള പൂക്കുലയും ഇട്ടെടുക്കുന്നതിനുള്ള അവകാശം ഈ ഓഫീസിൽ നിക്ഷിപ്തമായിരിക്കും.
10. തെങ്ങിൻപട്ട, ഓല, കൊതുമ്പ് എന്നിവ ഫാമിനുള്ളതാണ്.
11. തെങ്ങിൽ കയറി വിളവെടുക്കേണ്ടതും, വിളവെടുക്കുമ്പോൾ ഫാമിലെ മറ്റ് വിളകൾക്ക് കേടുപാടുകള് വരുത്താൻ പാടുള്ളതല്ല. മറിച്ചു സംഭവിക്കുന്ന പക്ഷം ഉണ്ടാകുന്ന നഷ്ട്ടം ലേലക്കാരിൽ നിന്നും ഈടാക്കുന്നതാണ്.
12. ദീർഘാസ്/ലേലം സംബന്ധിച്ച ഏതു തീരുമാനവും എടുക്കുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ടിട്ടുള്ള ഉദ്യോഗസ്ഥനിൽ പൂർണ്ണമായും നിക്ഷിപ്തമാണ്.
13. മറ്റു സർക്കാർ ദീർഘാസ്/ലേലത്തിനുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.

വെള്ളാനിക്കര
08.05.2024

പ്രൊഫസർ & ഹെഡ്
ഡിപ്പാർട്മെൻറ് ഓഫ് പ്ലാൻൻ്റെഷൺ,
സ്പൈസസ്, മെഡിസിനൽ & ആരോമാറ്റിക് ക്രോപ്സ്

DEPT. OF PLANTATION CROPS & SPICES
Kerala Agricultural University
Thrissur - 680 656, Kerala
Date..........................
COLLEGE OF AGRICULTURE

Head i/c
Dept. of Plantation Crops & Spices
College of Agriculture
Kerala Agricultural University
KAU. P.O., Thrissur - 680 656

പകർപ്പ്

- അഗ്രിക്കൾച്ചർ കോളേജ് വെള്ളാനിക്കര- നോട്ടീസ് ബോർഡ്,
- സെൻട്രൽ നഴ്സറി -നോട്ടീസ് ബോർഡ്
- ATIC മണ്ണുത്തി – നോട്ടീസ് ബോർഡ്
- ARS മണ്ണുത്തി-- നോട്ടീസ് ബോർഡ്
- മടക്കത്തറ പഞ്ചായത്ത്

9/5/24